ഉച്ചക്കഞ്ഞി വിതരണം

69 (4420) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ ഉച്ചക്കഞ്ഞി വിതരണത്തിന് ആവശ്യമായ അരിയും പയറും വിതരണം ചെയ്യുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ പ്രത്യേകിച്ചും മക്കരപ്പറമ്പ്, കുറുവ പഞ്ചായത്തുകളിൽ സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണത്തിനുള്ള അരിയും പയറും സ്കൂളുകൾ തുറന്ന് ഒരുമാസം പിന്നിട്ടിട്ടും എത്തിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) അരിയും പയറും കൃത്യമായി വിതരണം ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന അലോട്ട്മെന്റ് പ്രകാരം സപ്ലൈകോ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽനിന്ന് സ്റ്റോക്കെടുത്ത്, സ്കൂൾ അധികാരികൾ സമർപ്പിക്കുന്ന ഇൻഡന്റ് അനുസരിച്ച് കേരളത്തിലെ മാവേലി സ്റ്റോറുകൾ മുഖേന ഉച്ചക്കഞ്ഞിക്കുള്ള അരിവിതരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങളാണ് നിലവിലുള്ളത്. ഇപ്രകാരം ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽനിന്ന് സ്റ്റോക്കെടുക്കുന്നതിന് മുൻപും സ്കൂൾ അധികാരികൾക്ക് കൈമാറുന്നതിന് മുമ്പും കർശന ഗുണമേന്മ ഉറപ്പുവരുത്തു ന്നുണ്ട്. കൂടാതെ ഉച്ചക്കഞ്ഞി പദ്ധതിയിലേക്കാവശ്യമായ ചെറുപയർ മാസാമാസം ടെൻഡർ മുഖേന വാങ്ങി സപ്ലൈകോ ഡിപ്പോകളിലും വിൽപ്പനശാലകളിലും എത്തിക്കുന്നു.

(ബി) ഉച്ചക്കഞ്ഞി വിതരണത്തിനുള്ള അരിയുടെ സ്റ്റോക്കിൽ കുറവ് ഉണ്ടാകുകയോ വിതരണം തടസ്സപ്പെടുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ വിതരണത്തിനുള്ള ചെറുപയറിന്റെ സ്റ്റോക്കിൽ നേരിയ കുറവ് വന്നിട്ടുണ്ട്.

(സി) ജൂൺ മാസത്തിൽ നടന്ന ടെൻഡറിലൂടെ 700 ക്വിന്റൽ ചെറുപയറാണ് സപ്ലൈകോ പെരിന്തൽമണ്ണ ഡിപ്പോ ആവശ്യപ്പെട്ടത്. അതുപ്രകാരം അത്രയും ക്വിന്റൽ ചെറുപയർ പെരിന്തൽമണ്ണ ഡിപ്പോയിൽ എത്തി ക്കുന്നതിന് കോർപ്പറേഷൻ കരാർ നൽകുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം 300 ക്വിന്റൽ 6-7-2010 തീയതിക്കുള്ളിലും ബാക്കിയുള്ള 400 ക്വിന്റൽ 14-7-2010-നുള്ളിലുമാണ് കരാറുകാർ എത്തിക്കേണ്ടിയിരുന്നത്. എന്നാൽ 6-7-2010-നുള്ളിൽ

LIBRARY ARCHIVES Kerala Legislative Assembly

193 കിന്റലും 6-7-2010-നും 14-7-2010-നുമിടയ്ക്ക് 472 കിന്റൽ ചെറുപയറുമാണ് കരാറുകാർ എത്തിച്ചത്. ഇതുമൂലം മക്കരപ്പറമ്പ്, കുറുവ എന്നീ പഞ്ചായത്തുകളിലെ ചുരുക്കം ചില സ്കൂളുകളിൽ യഥാസമയം ചെറുപയർ പൂർണ്ണമായും വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇപ്പോൾ ഡിപ്പോകളിൽ ആവശ്യാനുസരണം സ്റ്റോക്ക് എത്തുകയും ആയത് വിതരണം നടത്തുവാൻ ബാക്കിയുള്ള സ്കൂളുകൾക്ക് മുൻഗണന നൽകിക്കൊണ്ട് വിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്.

(ഡി) സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതിപ്രകാരം വിതരണത്തിനുള്ള അരി യാതൊരു തടസ്സവും കൂടാതെ നൽകുന്നതിനുള്ള സ്റ്റോക്ക് സപ്ലൈകോയുടെ എല്ലാ ഡിപ്പോകളിലും ഉണ്ട്. വിതരണത്തിനുള്ള ചെറുപയർ തടസ്സംകൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റേഷൻ സബ്സിഡി

70 (4421) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്രസർക്കാർ കേരളത്തിന് എത്ര രൂപ റേഷൻ സബ്സിഡി നൽകി ;

(ബി) അതിൽ അരി, ഗോതമ്പ് എന്നിവയ്ക്ക് യഥാക്രമം എത്ര രൂപ വീതം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) 2009 മേയ് മാസം മുതൽ 2010 മേയ് വരെ സംസ്ഥാനത്തെ എ.പി.എൽ. വിഭാഗത്തിന് കേന്ദ്രം എത്ര ടൺ അരി അനുവദിച്ചുവെന്നറിയിക്കുമോ ;

(ഡി) അതിൽ എത്ര ടൺ അരി സംസ്ഥാനം എടുത്തിട്ടുണ്ട് ;

(ഇ) കിന്റലിന് എത്ര രൂപയാണ് കേന്ദ്രം എ.പി.എൽ., ബി.പി.എൽ., എ.എ.വൈ. എന്നീ വിഭാഗങ്ങൾക്ക് സബ്സിഡിയായി നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഈ വിഭാഗങ്ങൾക്ക് കേന്ദ്രം അരി നൽകുന്നത് കിലോഗ്രാമിന് എത്ര രൂപയ്ക്കാണെന്ന് വിശദമാക്കുമോ ;

(ജി) സംസ്ഥാനത്തിന് അധിക റേഷൻ നൽകാൻ അനുവാദം നൽകിയതായി പ്രധാനമന്ത്രി വെളിപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ ;

(എച്ച്) എങ്കിൽ ഈയിനത്തിൽ സംസ്ഥാനത്തിന് അധികമായി ലഭിക്കുന്ന അരിയും ഗോതമ്പും എത്രയെന്ന് വ്യക്തമാക്കുമോ ;

(ഐ) അതിൽ നാളിതുവരെ എത്ര അളവ് അരിയും ഗോതമ്പും സംസ്ഥാനം ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly